**<u>ബ്രഹ്മപുരം വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 28.03.2026-ന് വൈകുന്നരം 3.00 മണിക്ക് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.</u>**

യോഗത്തിൽ പങ്കെടുത്തവർ:

1. Smt.Anupama T.V. IAS, Secretary, LSGD
2. Smt.Apoorva Tripathi IAS, Director (Rural), LSGD
3. Dr.Binu Francis IAS, Executive Director, Suchitwa Mission.
4. Dr Ratish Menon, Member Secretary, KSPCB.
5. Smt.Nandana S. Pillai KAS, Under Secretary, LSGD
6. Sri.Mohammed Huwais, Joint Director, SWAG Cell, LSGD
7. Sri.David, Joint Director LSGD, Ernakulam.
8. Sri.Noushad A., Deputy Director, SWAG Cell, LSGD
9. Smt.Ganga R.S., Director (SWM), Suchitwa Mission.
10. Sri.Renju R. Pillai, Assistant Director (SWM), KSWMP.
11. Sri.Jayakumar J.S., USTE, KSWMP.
12. DPMU (KSWMP), Ernakulam.
13. Sri.Sreekanth, Ernst & Young (TA).
14. Sri Freddy, Ernst & Young (TA).

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 28.03.2026-ന് വൈകുന്നേരം 3.00 മണിക്ക് hybrid mode-ൽ യോഗം ആരംഭിച്ചു.

ബ്രഹ്മപുരം വേസ്റ്റ്-റ്റു-എനർജി പ്ലാന്റുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി വ്യക്തത വരുത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായാണ് യോഗം കൂടിയിരിക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

**<u>അജണ്ട നം. 1 : വേസ്റ്റ് റ്റു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഭൂമി</u>**

ബ്രഹ്മപുരം മാസ്റ്റർ പ്ലാനിൽ വേസ്റ്റ് റ്റു എനർജി പ്ലാന്റിനായി വേർതിരിച്ചിട്ടുള്ള സ്ഥലം പ്ലാന്റ്

സ്ഥാപിക്കുവാൻ അനുയോജ്യമാണോയെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ആരാഞ്ഞു. Statutory clearance എടുക്കേണ്ടത് concessionaire ആണെന്നും sanitary landfill ഒഴികെ വേസ്റ്റ് റ്റു എനർജി പ്ലാന്റിന് മാത്രമാണെങ്കിൽ സ്ഥലം അനുയോജ്യമാണെന്നും transaction advisor വ്യക്തമാക്കി.

**<u>തീരുമാനം നം. 1</u>**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ മാസ്റ്റർ പ്ലാനിൽ, വേസ്റ്റ് റ്റു എനർജി പ്ലാന്റിനായി അനുവദിച്ചിരിക്കുന്ന സ്ഥലം സർവ്വേ നടത്തി വേർതിരിക്കണം. ഇതിനായി ശുചിത്വമിഷൻ സർവ്വേയറെ ചുമതലപ്പെടുത്തേണ്ടതാണ്. ആയത് അംഗീകാരത്തിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് നൽകണം.

(നടപടി - എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ, സെക്രട്ടറി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ)

**<u>അജണ്ട് നം. 2: സാനിറ്ററി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തൽ</u>**

സാനിറ്ററി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് രണ്ട് സ്ഥലങ്ങളാണ് നിലവിലുള്ളതെന്നും, അവ, ഭാവി വികസനങ്ങൾക്കായി ബ്രഹ്മപുരത്ത് മാറ്റിവച്ചിരിക്കുന്ന സ്ഥലവും, അയ്യൻകുഴിയിൽ കണ്ടെത്തിയിട്ടുള്ള സ്ഥലവുമാണെന്നും, അയ്യൻകുഴിയിലെ സ്ഥലം വാങ്ങുവാൻ സാവകാശം വേണ്ടിവരുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു. അയ്യൻകുഴിയിലെ സ്ഥലം വ്യവസായ മേഖലയിലായതിനാലും designated റെഡ് സോൺ ആയതിനാലും പ്രതിഷേധം ഉണ്ടാകാനുള്ള സാധ്യത കുറവാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി അഭിപ്രായപ്പെട്ടു.

അയ്യൻകുഴിയിലെ ഭൂമി negotiated purchase OR LARR Act പ്രകാരമാണ് ഏറ്റെടുക്കുന്നതെന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 04.03.2026ന് നടത്തിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണെന്നും, സംസ്ഥാനത്താകമാനമുള്ള ഇനർട്ട് മാലിന്യം SLF-ൽ സംസ്കരിക്കേണ്ടതുള്ളതിനാൽ SLF-ന്റെ ചുമതല കൊച്ചി കോർപ്പറേഷന് നൽകുന്നത് ഉചിതമായിരിക്കില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

**<u>തീരുമാനം നം. 2</u>**

SLF-നായി അയ്യൻകുഴിയിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള proposal / request എറണാകുളം ജില്ലാ കളക്ടർക്ക്, കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർ നൽകണം. ഈ ആവശ്യത്തിനായി

Private surveyor-നെ കെ.എസ്.ഡബ്ല്യു.എം.പി. സജ്ജമാക്കണം. അടുത്ത ഒരു മാസം കൊണ്ട് സർവ്വേ നടപടികൾ പൂർത്തിയാക്കി ഏത് രീതിയിലാണ് ഭൂമി ഏറ്റെടുക്കേണ്ടതെന്നത് കൂടി അന്തിമമാക്കി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കണം.

(നടപടി - പ്രോജക്ട് ഡയറക്ടർ കെ.എസ്.ഡബ്ല്യു.എം.പി, ജില്ലാ കളക്ടർ എറണാകുളം)

<u>**അജണ്ട 3 - വേസ്റ്റ് റ്റു എനർജി പ്ലാന്റിന്റെ കപ്പാസിറ്റി**</u>

പ്ലാന്റിന്റെ കപ്പാസിറ്റി എത്രയാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ആരാഞ്ഞു. പ്ലാന്റിന്റെ കപ്പാസിറ്റി 500 TPD ആണെന്നും, assured quantity മാത്രമാണ് ഇപ്പോൾ പരിഗണിച്ചിട്ടുള്ളതെന്നും രണ്ടു വർഷം കൊണ്ട് waste quantity വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും ശുചിത്വമിഷൻ എസ്.ഡബ്ല്യു.എം. ഡയറക്ടർ അറിയിച്ചു.

പ്ലാന്റിന്റെ കപ്പാസിറ്റിക്ക് അനുസൃതമായി സംസ്കരിക്കുന്നതിനുള്ള മാലിന്യം എത്തിക്കുന്നതിന്, തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ സംഭരണ ശേഷി അടുത്ത രണ്ടര വർഷം കൊണ്ട് 30-35% വർദ്ധിപ്പിക്കണമെന്നു തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

<u>**തീരുമാനം നം. 3**</u>

വേസ്റ്റ് റ്റു എനർജി പ്ലാന്റിന്റെ കപ്പാസിറ്റി 500 TPD ആയി നിശ്ചയിച്ചു. തദ്ദേശ സ്ഥാപനങ്ങൾ ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് വർധിപ്പിക്കുന്നതിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ നിരന്തരം അവലോകനം നടത്തണം. പ്രൈവറ്റ് ഏജൻസികൾ ശേഖരിക്കുന്ന വേസ്റ്റിന്റെ അളവ് ശുചിത്വമിഷൻ കൃത്യമാക്കണം (accurate data of waste).

(നടപടി - പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ്, എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ)

<u>**അജണ്ട നം. 4 - ബ്രഹ്മപുരത്തെ സാമ്പിൾ മണ്ണ് പരിശോധന**</u>

ബ്രഹ്മപുരത്ത് contamination study മാത്രമാണ് നടത്തിയിട്ടുള്ളതെന്നും, മണ്ണ് പരിശോധന നടത്തിയിട്ടില്ലെന്നും കെ.എസ്.ഡബ്ല്യു.എം.പി., ശുചിത്വമിഷൻ എന്നിവർ അറിയിച്ചു.

<u>**തീരുമാനം നം. 4**</u>

വേസ്റ്റ് റ്റു എനർജി പ്ലാന്റിനുള്ള സ്ഥലം വേർതിരിച്ച് കോർപ്പറേഷനെ അറിയിച്ചതിനു ശേഷം ആവശ്യമെങ്കിൽ സാമ്പിൾ മണ്ണ് പരിശോധന നടത്തുവാൻ തീരുമാനിച്ചു.

(നടപടി - എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)

**അജണ്ട നം. 5 - പദ്ധതി നടപ്പിലാക്കുന്നതിനായി Special Purpose Vehicle (SPV) രൂപീകരണം.**

സാങ്കേതികവും ഭരണപരവുമായ പിന്തുണയ്ക്കായാണ് എസ്.പി.വി. രൂപീകരിക്കുന്നതെന്നും ചെയർപേഴ്സനായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെയാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, എറണാകുളം ജില്ലാ കളക്ടർ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.പി.സി.ബി. ചെയർപേഴ്സൺ എന്നിവരെയാണ് ഡയറക്ടർമാരായി നിർദ്ദശിച്ചിട്ടുള്ളതെന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തമാക്കി.

മാലിന്യ സംഭരണം മുതൽ transportation, efficiency തുടങ്ങി ഓരോ മേഖലയിലും Special Purpose Vehicle-ന്റെ ദൈനംദിന ഇടപെടൽ വേണ്ടിവരുമെന്നും, ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എസ്.പി.വി.യുടെ structure-ൽ ആർക്കും കൃത്യമായ ഉത്തരവാദിത്വം നിശ്ചയിക്കുന്നതിനു കഴിയുകയില്ലെന്നും, ഇതിന് ഒരു institutional സംവിധാനം വേണമെന്നും, കൂടുതൽ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ശക്തമായ ഒരു സ്ഥാപനമായിരിക്കണം എസ്.പി.വി. എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

മുഴുവൻ ആർ.ഡി.എഫും concessionaire-ടെ പ്ലാന്റിൽ എത്തുന്നുണ്ടോ, മാലിന്യത്തിന്റെ അളവ് എത്ര, ഗ്യാപ്പ് ഉണ്ടോ, അതിന് വേണ്ടിവരുന്ന പ്രോസസ്സിംഗ് ഫീസ് കണക്കാക്കൽ, എസ്ക്രോ അക്കൗണ്ട് മാനേജ്മെന്റ്, പ്രോസസ്സിംഗ് പ്ലാന്റിന്റെ നിരീക്ഷണം തുടങ്ങിയവയാണ് എസ്.പി.വി.യുടെ ചുമതലകളെന്ന് transaction advisor വ്യക്തമാക്കി.

**തീരുമാനം നം. 5**

ശുചിത്വമിഷന്റെ കീഴിൽ ഒരു exclusive team നെ recruit ചെയ്തുകൊണ്ട്, ആ ടീമിനെ വേസ്റ്റ് റ്റു എനർജി പ്ലാന്റിന്റെ SPV ആയി നിയോഗിക്കുകയും ആയതിന്റെ തലവൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരിക്കുകയും ചെയ്യുന്ന രീതിയിൽ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കണം.

(നടപടി - എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)

ബ്രഹ്മപുരം വേസ്റ്റ് റ്റു എനർജി പ്ലാന്റുമായി ബന്ധപ്പെട്ട മറ്റ് തീരുമാനങ്ങൾ:

**തീരുമാനം നം. 6**

VGFനു കേന്ദ്ര സഹായം ലഭ്യമാകുന്ന സാഹചര്യം, ലഭ്യമാകാത്ത സാഹചര്യം എന്നിവയും, tipping fee ബിഡ് പരാമീറ്റർ ആക്കിയുമുള്ള സാഹചര്യം പ്രത്യേകം പരിഗണിച്ച് പ്രൊപ്പോസൽ തയ്യാറാക്കണം.

(നടപടി - എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)

**<u>തീരുമാനം നം. 7</u>**

Net Calorific Value (NCV) അടിസ്ഥാനപ്പെടുത്തി വേസ്റ്റ് റ്റു എനർജി പ്ലാന്റിന് ഏറ്റവും അനുയോജ്യമായ ടെക്നോളജി work out ചെയ്യണം. ജല ലഭ്യത സംബന്ധിച്ചും ആകെ ആവശ്യകത, ലഭ്യത തുടങ്ങിയവ work out ചെയ്യണം. (നടപടി - ശുചിത്വമിഷൻ, Transaction Advisor)

യോഗം 4.10-ന് അവസാനിച്ചു.